പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *641 — 03.04.2018-ന് മറുപടിയ്ക്ക്

## വന സംരക്ഷണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ. സണ്ണി ജോസഫ് | അഡ്വ. കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം വനസംരക്ഷണത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്; | (എ) | ഈ സർക്കാർ നിലവിൽ വന്നശേഷം വനസംരക്ഷണത്തിനായി ആവിഷ്കരിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>➢ വനങ്ങളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനായി സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഫയർ അലർട്ട് സിസ്റ്റം നടപ്പിലാക്കി. അതോടൊപ്പം കാട്ടുതീ സാദ്ധ്യത മുൻകൂട്ടി അറിയാൻ ഫയർ വാണിംഗ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. ഇവ വഴി കാട്ടുതീ അപ്പപ്പോൾ കൃത്യസ്ഥലമടക്കം കണ്ടെത്തി അണയ്ക്കുന്നതിന് നടപടി എടുക്കാനും, കാട്ടുതീ സാദ്ധ്യത പ്രദേശങ്ങളിൽ ജാഗ്രത പാലിച്ച് നാശനഷ്ടങ്ങൾ ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്.<br>➢ 316.40161 ഹെക്ടർ വന ഭൂമി കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി വനനിയമം സെക്ഷൻ (4) പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുണ്ട്.<br>➢ വനം വകുപ്പ് പാട്ടത്തിന് നൽകിയ സ്ഥലങ്ങൾ സംബന്ധിച്ച വിവരശേഖരണം നടത്തി ക്രോഡീകരിക്കുന്നതിനായി ഒരു ലീസ് മൊഡ്യൂളിന് രൂപം നൽകി നടപ്പിലാക്കിയിട്ടുണ്ട്.<br>➢ 2018-19 ൽ അരിപ്പ ഫയർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ശാക്തീകരണം നടത്തി ഒരു മാതൃക കാട്ടുതീ പ്രതിരോധ പരിശീലന കേന്ദ്രമാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.<br>➢ അട്ടപ്പാടിയിലെ ചന്ദന സ്വാഭാവിക പുനരുജ്ജീവന പ്രദേശത്തിന് മറയൂർ ചന്ദന റിസർവ്വിനു നൽകുന്ന രീതിയിൽ സംരക്ഷണം നൽകുന്നതിന് 2018-19 വർഷത്തേയ്ക്ക് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഇവ കൂടാതെ വനസംരക്ഷണവുമായി ബന്ധപ്പെട്ട് നടന്നു വരുന്ന താഴെപ്പറയുന്ന കാര്യങ്ങൾ കൂടുതൽ ഊർജ്ജിതമായി നടപ്പാക്കുന്നുണ്ട്.<br>➢ വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സർവ്വേ ജണ്ടകൾ കെട്ടി വേർതിരിച്ച് പദ്ധതികൾ നടപ്പാക്കുന്നു. മുൻവർഷങ്ങളിൽ പ്രതിവർഷം ശരാശരി 4000 ത്തോളം ജണ്ടകൾ നിർമ്മിച്ച സ്ഥാനത്ത് 2016-17, 2017-18 വർഷങ്ങളിലായി ഓരോ വർഷവും 12,500 ഓളം ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്.<br>➢ വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചു കൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവവൈവിധ്യ ശോഷണം തടയുന്നതിനുമായി ജനപങ്കാളിത്തത്തോടെ വനസംരക്ഷണവും വനപരിപാലനവും നടപ്പാക്കുന്നുണ്ട്.<br>➢ മനുഷ്യനും വന്യമൃഗങ്ങളുമായുള്ള സംഘർഷം ലഘൂകരിക്കുന്നതിന് വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നു.<br>➢ കാലാവസ്ഥ വ്യതിയാനം കൊണ്ടുള്ള ദോഷഫലങ്ങൾ പരിമിതപ്പെടുത്തുവാൻ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്രസഹായത്തോടെ ഗ്രീൻഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.<br>➢ വനാതിർത്തി സർവ്വേ ചെയ്യുന്നതിന് ഉദ്യോഗസ്ഥരുടെ അഭാവം പരിഗണിച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തലത്തിലുള്ള 30 പേരടങ്ങുന്ന 5-ാം ബാച്ചിന്റെ പരിശീലനം പൂർത്തിയാക്കുകയും, 6-ാം ബാച്ചിന്റെ പരിശീലനം ആരംഭിക്കുകയും ചെയ്തു. ഇതിനകം വിജയകരമായി പരിശീലനം പൂർത്തിയാക്കിയവരെ വനാതിർത്തി സർവ്വേ ജോലികൾക്ക് ഉപയോഗിച്ചു വരുന്നുണ്ട്. |
| (ബി) | കാട്ടുതീ അതിവേഗം കണ്ടെത്തി പ്രതിരോധിക്കുന്നതിനുള്ള സംവിധാനം വനം വകുപ്പിനുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള സംവിധാനം ഒരുക്കുമോ എന്നറിയിക്കാമോ? | (ബി) | കാട്ടുതീ കണ്ടെത്തി പ്രതിരോധിക്കുന്നതിനായി ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. കാട്ടുതീ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ ജാഗ്രത പുലർത്തുന്നതിനായി ഫയർ വാണിംഗ് സംവിധാനവും പ്രയോജനപ്പെടുത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**